# കേരള സർവകലാശാല

**Re-accredited by NAAC with A++ GRADE**

നം. പി.ആർ. **189(b)/2026** തീയതി : **09/09/2026**

**കേരള സർവകലാശാലയിൽ ഇനി ബിരുദാനന്തര ബിരുദ പരീക്ഷകൾ മലയാളത്തിൽ എഴുതാം**

തിരുവനന്തപുരം: ഭാഷാ വിഷയങ്ങൾ ഒഴികെയുള്ള വിഷയങ്ങളിൽ ബിരുദാനന്തര ബിരുദ വിദ്യാർഥികൾക്ക് മലയാളത്തിൽ പരീക്ഷ എഴുതാൻ കേരള സർവകലാശാല അനുമതി നൽകി.

ആഗസ്റ്റ് 22ന് ചേർന്ന അക്കാദമിക് കൗൺസിൽ യോഗത്തിലാണ് തീരുമാനം. പരീക്ഷ സംബന്ധിച്ച സിൻഡിക്കേറ്റിന്റെ സ്റ്റാൻഡിങ് കമ്മിറ്റിയുടെ ശുപാർശയും തുടർന്ന് സിൻഡിക്കേറ്റിന്റെ അംഗീകാരവും പരിഗണിച്ചാണ് അക്കാദമിക് കൗൺസിൽ തീരുമാനം കൈക്കൊണ്ടത്.

മലയാളത്തിൽ പരീക്ഷ എഴുതാൻ ആഗ്രഹിക്കുന്ന വിദ്യാർഥികൾ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്ന സമയത്ത് ഭാഷ വ്യക്തമാക്കണം. മലയാളം തിരഞ്ഞെടുത്ത വിദ്യാർഥികൾക്ക് പരീക്ഷാ സമയത്ത് താൽപര്യമുണ്ടെങ്കിൽ ഇംഗ്ലീഷിൽ പരീക്ഷ എഴുതാനും അനുമതിയുണ്ടാകും.

എന്നാൽ, ഒരു പരീക്ഷ ഒരു ഭാഷയിൽ മാത്രമേ എഴുതാൻ പാടുള്ളൂ. ഭാഷാ വിഷയങ്ങൾ ഒഴികെയുള്ള എല്ലാ ബിരുദാനന്തര ബിരുദ പരീക്ഷകൾക്കും പുതിയ വ്യവസ്ഥ ബാധകമാണ്.

**വന്ദന മോഹൻദാസ്**
പബ്ലിക് റിലേഷൻസ് ഓഫീസർ
**E-mail:**ku.release@keralauniversity.ac.in